DISPATCHED
28/01/22

30/1/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം


പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920

Email:- sic.ker@nic.in


## ഹർജി നമ്പർ AP.No.1628 (5)/19/SIC

## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No. 13285 /SIC-G7/2019

ഉത്തരവ് തീയതി : 30.12.2021

സന്നിഹിത

ശ്രീമതി. ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ശ്രീ ഷാജിമോൻ കെ.,**
**ഉമ്മാശ്ശേരി, പനങ്ങാട് പി.ഒ,**
**എറണാകുളം – 682 506.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
   **നഗരകാര്യ ഡയറക്ട്രേറ്റ്, 1–ാം നില,**
   **സ്വരാജ് ഭവൻ ബിൽഡിംഗ്, നന്തൻകോട്,**
   **തിരുവനന്തപുരം.**

2. **അപ്പീൽ അധികാരി,**
   **നഗരകാര്യ ഡയറക്ട്രേറ്റ്, 1–ാം നില,**
   **സ്വരാജ് ഭവൻ ബിൽഡിംഗ്, നന്തൻകോട്,**
   **തിരുവനന്തപുരം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 05.04.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 29.04.2019 |
| ഒന്നാം അപ്പീൽ | 15.05.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 01.07.2019 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 02.08.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 10.09.2021 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നില്ല |

## ഉത്തരവ്

കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹർജിയിൽ സമർപ്പിക്കപ്പെട്ട രേഖകളും, എതിർകക്ഷി ഓഡിയോ കോൺഫെറൻസ് മുഖാന്തിരം കമ്മീഷൻ മുമ്പാകെ നൽകിയ മൊഴിയും, വിശദീകരണവും വിശദമായി പരിശോധിച്ച് താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

2. PSC by Transfer മുഖേന LDC/BC ആയി 27.08.2014 ൽ നിയമിതനായ ശ്രീ.ഷാജിമോൻ കെ 15.11.2017 ൽ Probation Period Declare ചെയ്യുന്നതിനായി മരട് നഗരസഭ സെക്രട്ടറി, ബഹു.നഗരകാര്യ ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്നതുമായി ബന്ധപ്പെട്ട് 3 ഇനവിവരങ്ങളായിരുന്നു വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടത്. ആയതിന് 29.04.2019 ൽ എസ്.പി.ഐ.ഒ. നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 15.05.2019 ൽ അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീൽ 01.07.2019 ൽ തീർപ്പാക്കി ഉത്തരവ് നൽകുകയും ചെയ്തു.

3. വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും ശ്രീ.ഷാജിമോൻ കെ. യുടെ പി.എസ്.സി വെരിഫിക്കേഷൻ/പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റുകൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ നിയമനം നഗരകാര്യ വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ 26.11.2019 ലെ ഇ7/25461/2016 നമ്പർ ഉത്തരവ് പ്രകാരം റഗുലറൈസ് ചെയ്തിട്ടുണ്ടെന്നും പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള പ്രൊഫോർമയിൽ ടിയാൻ മരട് നഗരസഭയിൽ സേവനമനുഷ്ഠിച്ചിരുന്ന പ്രൊബേഷൻ കാലയളവിൽ ടിയാന്റെ പേരിൽ സാമ്പത്തിക തിരിമറി കണ്ടെത്തിയതിനാൽ നഗരസഭാ തലത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചിരുന്നുവെന്നും പ്രൊബേഷൻ കാലയളവിൽ ടിയാൻ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടമുണ്ടാക്കുന്ന രീതിയിൽ പ്രവർത്തിച്ചതിനാൽ എൽ.ഡി.ക്ലാർക്ക്/ബിസി, ശ്രീ.ഷാജിമോൻ കെ യുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നത് മരവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് മരട് നഗരസഭാ സെക്രട്ടറി ശുപാർശ ചെയ്തിരുന്നുവെന്നും പ്രസ്തുത അച്ചടക്കനടപടി തീർപ്പാക്കുന്ന മുറയ്ക്ക് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

4. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും എതിർകക്ഷിയുടെ മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ

ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരം വ്യക്തമായി നൽകിയിട്ടുണ്ടെന്ന എസ്.പി.ഐ.ഒ യുടെ മൊഴി കമ്മീഷൻ വിശ്വാസത്തിലെടുത്തുകൊണ്ട് ഈ അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം 2021 ഡിസംബർ മാസം 30-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION
THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**
Jn